**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5500** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി കോളനികളിലേക്കുള്ള തകർന്നു കിടക്കുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന എസ്.സി.എസ്.പി ഫണ്ട്, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിച്ചാണ് നിർവ്വഹണം നടത്തുന്നത്. ഇതു സംബന്ധിച്ചുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാർഗ്ഗരേഖയിലെ 6:1(8)-ാം വ്യവസ്ഥ പ്രകാരം പട്ടികജാതി കോളനി/ സങ്കേതങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ താഴെ വിശദമാക്കുന്ന നിബന്ധനകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താൻ സാധിക്കുന്നതാണ്. എ) വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ൽ അധികം പട്ടികജാതിക്കാരാണെങ്കിൽ ആ പ്രൊജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. ബി) മുൻഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50% ൽ കുറവായിരിക്കുകയും എന്നാൽ 25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/ തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം |

| | | | |
|---|---|---|---|
| | | | 25% ൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം. |

സെക്ഷൻ ഓഫീസർ